കഥ

# പ്രണയോപഹാരം

വിജയകുമാർ കളരിക്കൽ

ഞാനെന്റെ പ്രേയസിക്കൊരു പ്രണയോപഹാരം നൽകി, വാലൻന്റൈൻ ദിനത്തിൽ. സ്വർണ്ണത്തളികയിൽ, പട്ടിൽ പൊതിഞ്ഞ്, എന്റെ ഹൃദയമായിരുന്നു.

അവളതു കാൽക്കൽ കിടന്നിരുന്ന വളർത്തുനായക്ക് കൊടുത്തു. അവനത് ആർത്തിയോടെ ഉള്ളിലാക്കി, ചുണ്ടുകൾ നക്കിത്തുടച്ചു. പട്ടിലും തളികയിലും ഇറ്റിറ്റു വീണിരുന്ന രക്ത ത്തുള്ളികളും നക്കിയെടുത്തു. അവളുടെ കാൽക്കൽ ചുരുണ്ടുകൂടുമുമ്പ് മൊഴിഞ്ഞു:

‘‘അതിന് കയ്പായിരുന്നു, ചവർപ്പും ഉണ്ടായിരുന്നു.’’

അവളുടെ മുഖം ചുവന്നു.

ഞാൻ പറഞ്ഞു.

‘‘കയ്പ് പച്ചയായ ജീവിതത്തിന്റേതാണ്, ചവർപ്പ് സാഹചര്യങ്ങളുടേതാണ്.’’

അവൾ എന്നെ ആട്ടി. കാവൽക്കാർ പുറത്തേക്ക് തള്ളി വിട്ടു.

തിരിഞ്ഞ് നടക്കുമ്പോൾ ഒരിക്കൽക്കൂടി ഞാനവളെ നോക്കി. അവൾ അടുത്ത സമ്മാനപ്പൊതി അഴിക്കുകയായിരുന്നു.

@@@@@@